കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018 -19

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklmksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി5/1038/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി – 20.11.2020

സീനിയർ ഡെപ്പ്യൂട്ടി ഡയറക്ടർ

(സെക്രട്ടറി മുഖേന)

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി5/1038/2020, തീയതി – 20.11.2020

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.09.2018 മുതൽ 12.09.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മാത്യു റോയി. കെ. പി. | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.09.2020 മുതൽ 18.09.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മണിലാൽ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |
| | | ശ്രീമതി. അനു കെ ആനന്ദ് | ഓഡിറ്റർ |

### ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. മായാ സുരേഷ് | 01.04.18 മുതൽ 04.06.18 വരെ |

| | | | |
|---|---|---|---|
| | : | ശ്രീ. സുന്ദരേശൻ,<br>(വൈസ് പ്രസിഡന്റ് ഇൻ ചാർജ്) | 05.06.18 മുതൽ<br>29.06.18 വരെ |
| | | ശ്രീമതി. ലൈല എസ് | 30.06.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ | 01.04.2018 മുതൽ<br>31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീമതി. സ്മിത എസ് | 01-4-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി. രമ്യ എം | 01.04.2018 മുതൽ<br>16.07.2018 വരെ |
| | | ശ്രീ. വിനോദ് എസ് | 17.07.18 മുതൽ<br>26.09.18 വരെ |
| | | ശ്രീ. മന മോഹൻ എസ് | 27.09.18 മുതൽ<br>27.01.19 വരെ |
| | | ശ്രീമതി. രമ്യ എം | 28.01.2019 മുതൽ<br>31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രീ. കെ ജയറാം | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ. സാബു സേവ്യർ | 01.04.2018 മുതൽ<br>31.12.2018 വരെ |
| | | ഡോ. രശ്മി | 01.01.19 മുതൽ<br>13.02.19 വരെ |
| | | ഡോ. അനുപമ ആർ | 14.02.2019 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ കലയ്ക്കോട് | | ഡോ. സാബു പി എൽ | 01.04.2018 മുതൽ<br>31.03.2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | | ശ്രീ. ജി ഹരിദാസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീമതി. പ്രിൻസി ജോൺ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. ബിജോയ് എസ് | 01.04.18 മുതൽ<br>31.03.19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി. ജെഷിത ഇ | 01.04.18 മുതൽ<br>15.08.18 വരെ |
| | | ശ്രീമതി. ജയലക്ഷ്മി പി | 16.08.2018 മുതൽ<br>02.10.2018 വരെ |
| | | ശ്രീമതി. അനിത കുമാരി കെ | 03.10.2018 മുതൽ<br>02.01.2019 വരെ |
| | | ശ്രീമതി. രഞ്ജിനി എൽ | 03.01.2019 മുതൽ<br>31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ബെനിഫിഷറി കോൺട്രിബ്യൂഷൻ - രസീത് പ്രകാരം പിരിച്ച തുക അടവാക്കിയില്ല. | 1-12 |
| 13 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി ധന സഹായം-വാല്യൂവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക നൽകി | 1-13 |
| 14 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില ബ്ലോക്കുപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല. | 1-14 |
| 15 | എസ്.സി.പി.ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി- ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-15 |
| 16 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 1-16 |
| 17 | പി എസ് സി കോച്ചിംഗ്-രേഖകൾ ഹാജരാക്കിയില്ല | 1-17 |
| 18 | ഹരിതഭവനം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല. | 1-18 |
| 19 | വനിത ഗ്രൂപ്പുകൾക്ക് പശുവളർത്തൽ-രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 20 | കോർഡിനേഷൻ കമ്മറ്റിയുടെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി. | 1-20 |
| 21 | ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ച പ്രോജക്ടുകളിൽ ശേഷിക്കുന്ന തുക തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| 22 | കടമ്പാട്ട് കോണം വാർഡിൽ വളവിൽ കോളനിയിൽ കുടിവെള്ള പദ്ധതി-90% പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം പദ്ധതി ഉപേക്ഷിച്ചു | 1-22 |
| 23 | ചട്ടവിരുദ്ധമായി തുക ചെലവഴിച്ചു | 1-23 |
| 24 | വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-24 |
| 25 | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും – കൈപ്പറ്റ് രേഖ ഹാജരാക്കിയില്ല. | 1-25 |
| 26 | ബഡ്സ് സ്കൂളിനു വിഹിതം നൽകൽ - ചെലവഴിക്കാത്ത തുക സർക്കാർ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല | 1-26 |
| | ഭാഗം 2 | |
| | | |

| | | |
|---|---|---|
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | ബെനിഫിഷറി കോൺട്രിബ്യൂഷൻ - രസീത് പ്രകാരം പിരിച്ച തുക അടവാക്കിയില്ല. | 2-1 |
| 28 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 2-2 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | സംക്ഷിപ്തം | അനുബന്ധം-2 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

28-3-2018 തീയതിയിലെ 1/1.1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-5-2019 | 12.06.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34081309 |
| വരവ് | 102508000 |
| ആകെ | 136589309 |
| ചെലവ് | 106895166 |
| നീക്കിയിരിപ്പ് | 29694143 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37245000 | 37245000 | 35747891 | 1497109 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 21312000 | 21312000 | 19787886 | 1524114 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 512000 | 512000 | - | 512000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4108000 | 4108000 | 4108000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| IWMP | 7976 | 95 | 8071 | 7936 | 135 |
| SIGN SHG | 5556 | 230 | 5786 | 0 | 5786 |
| IAY ADMIN | 51666 | 72502 | 124168 | 25700 | 98468 |
| IAY PLAN | 22656100 | 12344527 | 35000627 | 22053930 | 12946697 |
| IAY LOAN NEDUNGOLAM | 12267 | 621 | 12888 | 0 | 12888 |
| IAY LOAN POOTHAKULAM | 9434 | 478 | 9912 | 0 | 9912 |
| IAY LOAN SCB ADICHANALLOOR | 16357 | 0 | 16357 | 0 | 16357 |
| SGSY | 4537 | 0 | 4537 | 0 | 4537 |
| TSC | 3116371 | 142361 | 3258732 | 32025 | 3226707 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| | ജില്ലാ പഞ്ചായത്ത് | 5247334 | 3000000 | 8247334 | 5051059 | 3196275 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1930417 | 16294803 | 18225220 | 15829378 | 2395842 |
| | ട്രഷറി അക്കൗണ്ട് | 1023294 | 11008606 | 12031900 | 4251361 | 7780539 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 74253636 | 81 | 59664777 | 10 | 9 | 81 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 16.09.2020 ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 141/- രൂപ ക്യാഷ് നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും

എല്ലാ മാസങ്ങളിലും തുടർച്ചയായി റിക്കൺസിലിയേഷൻ ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
ഇ-ടെണ്ടർ ഫീ ഒടുക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 2017-ൽ ആരംഭിച്ച കറണ്ട് അക്കൗണ്ട് നാളിതുവരെയും മേൽ ഇടപാടിലേക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല.
വായ്പകൾ, നിക്ഷേപപ്രവൃത്തികൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.
ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും യാത്രപ്പടി ബില്ലുകൾ മാറുന്നതിൽ കേരള സർവ്വീസ് ചട്ടങ്ങൾ പാലിക്കുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2019-17.10.2019 | 2018-19 | 06.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2012-19.11.2012 | 2007-08 - 2011-12 | 01.02.2013 |

1-11 വാർഷിക കണക്കിലെ അപാകതകൾ

1. B-11, B-11(a) എന്നിവ പ്രകാരം തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ ആസ്തികൾ 5,03,87,977/- രൂപയാണ്. എന്നാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B-3 പ്രകാരം 2,31,96,545/- രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസമുള്ള 2,71,91,432/- Maintenance Gtrant (Non-road) own fund ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

2. TSB അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 76,54,439/- രൂപയും പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 77,27,404/- രൂപയുമാണ്. വ്യത്യാസം 72,965/- രൂപ. എന്നാൽ പണം ആകാത്ത ചെക്കുകളായി 73,072/- രൂപയാണ് കാണിച്ചിരിക്കുന്നത്. അതിനാൽ SB അക്കൗണ്ടിൽ 107/- രൂപ കുറവ് കാണുന്നു.

3. Adichanalloor Farmer's Service Co-operative Bank ന്റെ IAY Loan ന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 16,357/- രൂപയാണ്. ഇതിൻറെ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

4. Plastic Shredding Unit – ന് ഷെഡ് നിർമ്മിക്കുന്നതിനായി തൻവർഷം പാർട്ട് ബിൽ പ്രകാരം 2,08,421/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക Capital work in progress – ൽ കാണിച്ചിട്ടില്ല.

5. തൻവർഷം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ വിവിധ ഏജൻസികൾക്കായി നൽകിയ 40,57,773/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഇത് RP അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ B-18 ൽ 9,97,618/- രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ.

6. B-7 പ്രകാരമുള്ള 37,631/- രൂപയുടെ നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശംങ്ങൾലഭ്യമാക്കിയിട്ടില്ല.

7. Income and Expenditure Statement ൽ 1-17(a) പ്രകാരം Depreciation ഇനത്തിൽ കാണിച്ചിരിക്കുന്ന 1,46,517/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. 3 മാസത്തിൽ അധികമായി പണം ആകാത്ത താഴെ പറയുന്ന ചെക്കുകൾ Liability in respect of stale cheque എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല .

| Account | Cheque No./Date | Amount |
|---|---|---|
| TSB Account | 2021091/24.4.17 | 12,320/- |
| TSB Account | 2812836/24.4.17 | 1,586/- |

9. ബാലൻസ് ഷീറ്റിലെ ബി 7 ഷെഡ്യൂൾ പ്രകാരമുള്ള Secured loan from Co-operative Bank എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1-12 ബെനിഫിഷറി കോൺട്രിബ്യൂഷൻ - രസീത് പ്രകാരം പിരിച്ച തുക അടവാക്കിയില്ല.

സഞ്ചരിക്കുന്ന മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിയുടെ ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ 03.06.2019-ൽ രസീത് നമ്പർ 06/45 പ്രകാരം സെക്രട്ടറി പോളച്ചിറ കെ.യു.സി.എസ് അടവാക്കിയ 1615/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ അടവാക്കിട്ടില്ല.

ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ഈടാക്കിയ 1615/- രൂപ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ട്രഷറി കൗണ്ടർ ഫോയിൽ, റസീപ്റ്റ് ബുക്ക് എന്നിവ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നാണ് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ പിരിച്ച തുക ഒടുക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ടി തുക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/18.09.2020

1-13 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി ധന സഹായം-വാല്യുവേഷൻ സർട്ടിഫിക്കിറ്റില്ലാതെ തുക നൽകി

നിർവ്വഹണം – SCDO

പ്രോജക്ട് നം. – 23/19

അടങ്കൽ തുക : 8000000/- രൂപ

ചെലവ് : 6931083/- രൂപ

വികസനഫണ്ട് (എസ് സി പി)
ബിൽനം : 1/29.09.18:300000/-
ബിൽനം : 2/23.10.18:400000/-
ബിൽനം : 3/25.10.18:1100000/-
ബിൽനം : 4/14.11.18:500000/-
ബിൽനം : 5/27.11.18:900000/-
ബിൽനം : 6/19.12.18:900000/-
ബിൽനം : 7/28.12.18:550000/-
ബിൽനം : 8/11.01.19:500000/-
ബിൽനം : 9/25.01.19:250000/-
ബിൽനം : 10/14.02.19:450000/-
ബിൽനം : 11/14.03.19:400000/-
ബിൽനം : 12/16.03.19:100000/-
ബിൽനം : 13/20.03.19:400000/-
ബിൽനം : 15/25.03.19:181083/-

എസ് സി ഡി ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ ധന സഹായം നൽകുന്ന പ്രോജക്ടിൽ (നം.S0023/19) ആകെ 40 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചതിൽ രണ്ട് ഗുണഭോക്താവ് പണി പൂർത്തീകരിച്ചിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഓരോ സ്റ്റേജിലും പൂർത്തിയായ പ്രവൃത്തികൾക്ക് എൻജിനീയരുടെ വാല്യുവേഷൻ, പണി പൂർത്തീകരിക്കുമ്പോൾ നൽകേണ്ട ഫൈനൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവയില്ലാതെയാണ് പഠനമുറികൾക്കുള്ള തുക പൂർണ്ണമായും നൽകിയിട്ടുള്ളത്. വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് | സ്റ്റേജ് സർട്ടിഫിക്കറ്റ് | വാല്യുവേഷൻ സർട്ടിഫിക്കറ്റ് | പ്രവർത്തി പൂർത്തീകരിച്ചത് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സീന | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 സ്റ്റേജ് വരെ ചെയ്തതിന് 150000/- രൂപ നൽകി |
| 2 | സതി | ,, | ,, | ,, | ,, | 3 സ്റ്റേജ് വരെ ചെയ്തതിന് 150000/- രൂപ നൽകി |
| 3 | ശോഭ കുന്നംകുളം, ചരുവിളവീട്, പൂതക്കുളം | ,, | ,, | ഉണ്ട് | ഉണ്ട് | ഐറ്റം പ്രകാരമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 4 | ശ്രീദേവി, പിണറ്റിൽ വീട് | ,, | ,, | ,, | ,, | വിശദമായ വാല്യുവേഷൻ |

| | | | | | | |
|---|---|---|---|---|---|---|
| | കടമ്പാട്ടുകോണം | | | | | സർട്ടിഫിക്കറ്റ് ഇല്ല,ചെയ്ത ഏരിയ സർട്ടിഫിക്കറ്റിലില്ല, |
| 5 | പ്രശോഭ, അഭിജിത്ത് ഭവൻ കാവടിക്കോണം | ,, | ,, | ,, | ,, | ഐറ്റം പ്രകാരമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6 | ഉണ്ണി, കല്ലുവിളവീട് അന്നാക്കോണം വേളമാനൂർ | ,, | ,, | ,, | ,, | വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല,ചെയ്ത ഏരിയ സർട്ടിഫിക്കറ്റിലില്ല, |
| 7 | ബൈജു | ,, | ,, | ഇല്ല | ,, | |
| 8 | ഉഷാകുമാരി | ,, | ,, | ഉണ്ട് | ,, | വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 9 | ചന്ദ്രരാജ് | ,, | ,, | ഇല്ല | ,, | |
| 10 | ബെന്നി | ,, | ,, | ,, | ,, | |

ഓരോ സ്റ്റേജിലും നടത്തേണ്ട എൻജിനീയറുടെ വാല്യുവേഷൻ, പണി പൂർത്തീകരിക്കുമ്പോൾ നൽകേണ്ട വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ചെയ്ത ഏരിയ എന്നിവയില്ലാതെ തുക നൽകിയതിന്റെ വിശദീകരണം ആരാഞ്ഞതിൽ പണിഘട്ടം ഘട്ടമായി പൂർത്തീകരികരിച്ചതിനാലാണ് തുക നൽകിയിട്ടുള്ളതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ക്രമ നം 1 മുതൽ 10 വരെയുള്ള പ്രവർത്തികളുടെ എൽ എസ് ജി ഡി എൻജിനീയരുടെ വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ക്രമനം 1, 2 ന് നൽകിയ 300000/-രൂപയും, ക്രമ നം 3 മുതൽ 10 വരെ നൽകിയ 1600000/-രൂപ (200000x8) തടസ്സത്തിൽവെയ്ക്കുന്നു. വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 01/17.09.20
തടസ്സപ്പെടുത്തിയ തുക : 1900000/- രൂപ

1-14 ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില ബ്ലോക്കുപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79/42/2010/CE/LSGD, തീയതി 17.8.2017 പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തുടർന്ന് അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ 11.10.2017-ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ അസി. എക്സി. എഞ്ചിനീയർ

നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫോം വിലയായ 52,830/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കവരുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിലേതുൾപ്പെടെ ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്ന തുകകൾ ബ്ലോക്കുപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി സർക്കുലർ പ്രകാരം ആരംഭിച്ച അക്കൗണ്ടിലൂടെ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-15 എസ്.സി.പി.ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി- ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം. : 37/19

പ്രവൃത്തിയുടെ പേര് : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് - മാമ്പഴത്ത് എസ്.സി. കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും

അടങ്കൽ : 5,00,000/- രൂപ

ഫണ്ടിനം : വികസന ഫണ്ട്-എസ്.സി.പി.

കരാർ നം. : 8/എ.ഇ.ഇ./18-19/23.7.2018

നിർവ്വഹണം : അസി. എഞ്ചിനീയർ

കരാറുകാരൻ : ശ്രീ. അഹമ്മദ് ഇർഫാൻ

എം.ബുക്ക് നം. : 4/18-19, 8/18-19

ചെലവ് : 4,70,087/-രൂപ

ബിൽ നം. : 5/15.10.2018 = 4,29,381/- രൂപ

19/22.12.2018 = 40,706/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത ടി പ്രവൃത്തിയ്ക്ക് എസ്.സി.പി. ഫണ്ടാണ് വിനിയോഗിച്ചിരിക്കുന്നത്. പദ്ധതി മേഖലയിലെ ഗുണഭോക്താക്കളിൽ 50%ലധികംപേർ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണെന്ന് തെളിയിക്കുന്ന മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റ് നടപ്പാക്കിയ വേളയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നു എന്നാണ് മറുപടി നൽകിയത്. എന്നാൽ ഇത് 2014-15- ൽ നൽകിയതാണ്. എസ്.സി.പി.ഫണ്ട് വകയിരുത്തുന്ന ഓരോ പ്രോജക്റ്റിനും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ഇതിലന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ(കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238+18% ജി.എസ്.ടി.) രൂപ |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 85/19(സ്പിൽ ഓവർ)<br>പ്രവൃത്തിയുടെ പേര്: ചിറക്കര ഗ്രാമപഞ്ചായത്ത്- കലുങ്കിന്റെമുക്ക്- എൻ.എച്ച്.റോഡ് മെറ്റലിംഗും ടാറിംഗും<br>അടങ്കൽ: 6,00,000/-<br>ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം<br>കരാർ നം.: 9/എ.ഇ.ഇ./17-18/4.1.2018<br>കരാറുകാരൻ : ശ്രീ എസ്.സുരേഷ്ബാബു<br>എം.ബുക്ക് നം. :17//18-19<br>ചെലവ് : 5,56,309/-രൂപ<br>ബിൽ നം.: 12/21.3.2019 | 809+564 | 8 | 2248 |
| 2. | പ്രോജക്റ്റ് നം. : 88/19(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര്: ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്- ഉപാസന കലുങ്ക് മുക്ക്- റോഡ് മെയിന്റനൻസ്<br>അടങ്കൽ: 5,00,000/-<br>ഫണ്ടിനം : വികസന ഫണ്ട്-എസ്.സി.പി.<br>കരാർ നം.: 14/എ.ഇ.ഇ./17-18/9.1.2018<br>കരാറുകാരൻ : ശ്രീ ഹസൻ.ബി.കെ.ബി.<br>എം.ബുക്ക് നം. :14//17-18<br>ചെലവ് : 4,69,135/-രൂപ<br>ബിൽ നം.: 09/24.10.2018 | 2672+257 | 19 | 5339 |
| | | | ആകെ | 7587 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരിൽനിന്നും ബാരലിന്റെ വില ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 15/17.9.2020.

1-17 പി.എസ്സ്.സി. കോച്ചിംഗ്-രേഖകൾ ഹാജരാക്കിയില്ല

അടങ്കൽ തുക : 147200/-രൂപ
ചെലവ് : 58500/-രൂപ
വികസനഫണ്ട് (എസ് സി പി)
ബിൽനം : 14/27.03.19 : 58500/- രൂപ

എസ് സി ഡി ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ അഭ്യസ്ത വിദ്യരായ പട്ടിക ജാതി യുവതികൾക്ക് തൊഴിൽ ലഭിക്കുന്നതിലേയ്ക്കായി പി.എസ്സ്.സി കോച്ചിംഗിനായി പ്രോജക്ട് (നം.S0023/19) പ്രകാരം 58500/- രൂപ 18 പട്ടിക ജാതി യുവതികൾക്ക് വേണ്ടി അക്കാഡമിയ ചാത്തന്നൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ക്വട്ടേഷൻ പ്രകാരമാണ് അക്കാഡമിയ ചാത്തന്നൂർ എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്തതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ വിവരങ്ങൾ, പഠിതാക്കളുടെ ഹാജർ വിവരങ്ങൾ, സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഖ.7.2.25 പ്രകാരം ഇത്തരത്തിലുള്ള പദ്ധതികൾ ജില്ലാപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രമേ നടപ്പിലാക്കുന്നതിന് സാധിക്കൂ. ഉദ്യോഗാർത്ഥികൾ സ്വന്തം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനം ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തിന് നൽകുകയും ജില്ലാപഞ്ചായത്ത് ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി സംസ്ഥാന തലത്തിൽ താല്പര്യപത്രം ക്ഷണിച്ച് പരിശീലന സ്ഥാപനങ്ങളെയും പരിശീലന നിബന്ധനകളെയും നിശ്ചയിക്കുകയും നടപ്പിലാക്കുകയുമാണ് വേണ്ടത്. ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന മറുപടിയാണ് എസ് സി ഡി ഒ ലഭ്യമാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച 58500/- രൂപ തടസത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് അന്വേഷണം നം : 2/17.09.2020

തടസപ്പെടുത്തിയ തുക : 58,500/- രൂപ

1-18 ഹരിതഭവനം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

അടങ്കൽ തുക : 525000/- രൂപ
ചെലവഴിച്ച തുക : 252000/- രൂപ
വികസനഫണ്ട്
ബിൽനം : 7/27.03.19, തുക : 198000/- രൂപ
4/18.12.18, തുക : 30000/- രൂപ
6/27.12.18, തുക : 24000/- രൂപ

അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതഭവനം എന്ന നൂതന പ്രോജക്ടിൽ അടങ്കൽ തുക 5,25,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും 2,52,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചെറുകിട / നാമമാത്ര കർഷകർക്ക് വീട്ടുവളപ്പിലെ കൃഷി യോഗ്യമായ എല്ലാസ്ഥലവും ജൈവ കൃഷി നടത്തുക എന്നതാണ് ഹരിതഭവനം കൊണ്ട് ഉദ്ദേശിക്കുന്നത്. നൂതന പ്രോജക്ടായി അംഗീകാരം വാങ്ങിയ പ്രോജക്ടിൽ 30 സെന്റിൽ കുറയാത്ത ഭൂവിസ്തൃതി ഉള്ള കർഷകർക്ക് പച്ചകറികൃഷി, കിഴങ്ങ്കൃഷി, കിണർ റീചാർജിംഗ് എന്നീ പ്രവർത്തികൾ നടത്താനാണ് പ്രോജക്ടിൽ ഉദ്ദേശിച്ചത്. എന്നാൽ കിണർ റീചാർജിംഗ് എന്ന പ്രവർത്തി മാത്രമായി പരിമതിപ്പെടുത്തിയതിനാൽ പ്രോജക്ടിൽ ഉദ്ദേശിച്ച ലക്ഷ്യം തന്നെ ഇല്ലാതായി. പച്ചക്കറി, കിഴങ്ങുകൃഷി എന്നിവ ബ്ലോക്കിന് ചെയ്യാൻ അനുമതിയില്ലാത്ത പദ്ധതിയാണ്. എന്നിരുന്നാൽ തന്നെയും നൃതന പ്രോജക്ടിൽ ടി പ്രവത്തികൾ കൂടി ഉൾപ്പെടുത്തി അനുമതി ലഭിച്ചപ്പോൾ ആയത് ചെയ്യുന്നതിന് പകരം ടി ഘടകങ്ങൾ ഒഴിവാക്കിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഇത്തരത്തിൽ നടപ്പിലാക്കിയ പ്രോജക്ട് അംഗീകരിക്കാൻ കഴിയില്ല. കൂടാതെ കിണർ റീചാർജിംഗ് പ്രവൃത്തി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തിരം

നടപ്പിലാക്കുന്നതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്നുകൂടി പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

273000/-രൂപ പാഴാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ അസിസറ്റന്റ് ഡയറക്ടർ അഗ്രികൾച്ചറിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൃപ്തികരമായി വിശദീകരണം യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം : 03/17.09.2020.

1-19 വനിത ഗ്രൂപ്പുകൾക്ക് പശുവളർത്തൽ-രേഖകൾ ഹാജരാക്കിയില്ല

അടങ്കൽ തുക : 2500000/- രൂപ

ചെലവ് : 1625000/- രൂപ

ബിൽനം : 2/24.11.18 : 500000/- രൂപ

:3/20.12.2018 തുക : 375000/- രൂപ

:8/26.03.19 തുക : 375000/- രൂപ

:12/26.03.19 തുക : 375000/- രൂപ

വികസനഫണ്ട് (ജനറൽ)

സീനിയർ വെറ്റിനറി സർജ്ജൻ, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിത ഗ്രൂപ്പുകൾക്ക് പശുവളർത്തൽ എന്ന പ്രോജക്ടിൽ ( പ്രോജക്ട് നം. – 57/19) ആകെ 13 വനിത ഗ്രൂപ്പുകൾക്ക് 16,25,000/- രൂപ സബ്സസിഡി സഹായം നൽകിയിട്ടുണ്ട്. 5 പേർ അടങ്ങിയ ഒരു ഗ്രൂപ്പിന് 1,25,000/- രൂപയാണ് സബ്സസിഡിയായി ബാങ്കിലേക്ക് നൽകിയിട്ടുള്ളത്. 13 വനിത ഗ്രൂപ്പുകൾക്ക് ബാങ്ക് ലോൺ പ്രകാരം പശുവിനെ വാങ്ങി നൽകിയ പ്രോജക്ടിൽ ബിൽനം. 2/24.11.18 തുക : 5,00,000/-രൂപ, ബിൽ നം. 3/20.12.18 തുക : 3,75,000/-രൂപ, പ്രകാരം 7 വനിത ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാങ്കിലേയ്ക്ക് നൽകിയ സബ്സിഡി തുകയുടെ ബാങ്കിൽ നിന്നുള്ള കൈപ്പറ്റ് രേഖകൾ, പശുവിനെ നൽകിയവർക്ക് അവരുടെ ബാങ്കിലേയ്ക്ക് തുക നൽകിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയിൽ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. രേഖകകൾ ഹാജരാക്കുന്നത് വരെ ബിൽനം. 2/24.11.18 തുക : 5,00,000/-രൂപ, ബിൽ നം. 3/20.12.18 തുക : 3,75,000/-രൂപ എന്നിവ പ്രകാരം ചെലവഴിച്ച 8,75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി : 4/17.09.20

തടസ്സത്തിൽ വെയ്ക്കുന്ന തുക : 8,75,000/- രൂപ.

1-20 കോർഡിനേഷൻ കമ്മറ്റിയുടെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി.

പ്രോജക്ട് നം. 25/19

പട്ടിക ജാതി കോളനിയിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ : 1200000/- രൂപ (എസ്.സി.പി. ഫണ്ട്)
ചെലവഴിച്ച തുക : 1156622/- രൂപ
ബിൽ നം. – 1/27.03.19 : 1156622/- രൂപ
ഗുണഭോക്തൃ വിഹിതം : 11873/- രൂപ
പ്രോജക്ട നം. 26/19
എൽഇഡി ലൈറ്റ് സ്ഥാപിക്കൽ (ജനറൽ)
അടങ്കൽ : 925000/- രൂപ (വികസന ഫണ്ട്)
ചെലവഴിച്ച തുക : 903533/- രൂപ
ബിൽ നം. – 2/27.03.19 : 903533/- രൂപ
ഗുണഭോക്തൃവിഹിതം : 9127/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിച്ച എൽഇഡി ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടുകളിൽ (നം. 25/19, 26/19) കോർഡിനേഷൻ കമ്മറ്റിയുടെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി.

കോർഡിനേഷൻ കമ്മറ്റി തീരുമാനം നം. 10/2018/srg/lsgd തീയതി : 27.09.18 പ്രകാരം Energy management centre-ന്റെ സഹായത്തോടു കൂടി CSR പോലുള്ള ഫണ്ട് കണ്ടെത്തി മൂലധന ചെലവ് കുറച്ച പദ്ധതി നടപ്പിലാക്കാനാണ് പ്രത്യക അനുമതി നൽകിയത്.

മൂലധന ചെലവ് കുറയ്ക്കാനായി സ്ഥാപനങ്ങളിൽ നിന്നും 21,000/- രൂപ രസീത് ഉപയോഗിച്ച് പിരിച്ച പ്രോജക്ടുകളിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട ടെക്നിക്കൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച് Energy management centre -ന്റെ (EMC/EED/18/E-13224/IBP Dtd:29.10.18) നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് കെഎസ്ഇബി എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉദാഹരണത്തിന് എൽഇഡി ലൈറ്റുകൾ Nichia/Osram/Seoul, PhiliphsLumiLed/Cree/Edison എന്നീ ബ്രാന്റുകൾ ഉപയോഗിക്കണമെന്നാണ് മേൽ നിർദ്ദേശം. എന്നാൽ SL-FL 100 POWER LED Light എന്ന ഐറ്റമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 130 വാട്ടോ അതിനു മുകളിലോ ഉള്ള എൽഇഡി ലൈറ്റുകൾ ആയിരിക്കണം എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ 90 വാട്ടസ് ഉള്ള എൽഇഡി ലൈറ്റുകളാണ് കെഎസ്ഇബി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. BIS സർട്ടിഫിക്കേഷൻ എൽഇഡി ലൈറ്റുകൾക്കും, LM-80 സർട്ടിഫിക്കറ്റ് എൽഇഡി ലൈറ്റ നിർമ്മാതാക്കൾക്കും, NABL നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റ് തുടങ്ങിയ ഗുണനിലവാര സർട്ടിഫിക്കറ്റുകളാണ് എൽഇഡി ലൈറ്റുമായി ബന്ധപ്പെട്ട് Energy management centre പഞ്ചായത്തിനോടു കെഎസ്ഇബി യുടെ എസ്റ്റിമേറ്റിൽ ഉറപ്പ് വരുത്താൻ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത്തരം രേഖകൾ കെഎസ്ഇബി ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമായപ്പോൾ ഗുണനിലവാരം സംബന്ധിച്ച് രേഖകൾ ലഭ്യമാക്കി പരിശോധിക്കാതെയാണ് 11,68,495/- രൂപ പ്രോജക്ട നം. 26-ലും, 9,12,660/- രൂപ പ്രോജക്ട നം. 25-ലുമായി ആകെ 20,81,155/- രൂപ (20,60,155/- രൂപ പ്ലാൻ ഫണ്ട് ഇനത്തിലും, 21,000/-രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചത്)കെഎസ്ഇബി പാരിപ്പള്ളി

അസിസ്റ്റന്റ് എൻജിനീയരുടെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളത്. 12.03.2019-ൽ എഗ്രിമെന്റ് വെച്ച പ്രവർത്തി 31/8/2019-ൽ പൂർത്തീകരിക്കണമെന്നതായിരുന്നു വ്യവസ്ഥയെങ്കിലും പ്രവർത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ധന വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ കെഎസ്ഇബിയിൽ നിന്നും ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

Energy management centre ആവശ്യപ്പെട്ട ഗുണ നിലവാരം കെഎസ്ഇബിയിൽ നിന്നും ഉറപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലാത്തതിനാൽ 2 പ്രോജക്ടുകൾക്കുമായി ചെലവഴിച്ച തുകയായ 20,81,155/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ആയതിനാൽ പൂർത്തീകരണ സാക്ഷ്യപത്രം, ചെലവ് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ വിശദമായ ധന വിനിയോഗ സർട്ടിഫിക്കറ്റ്, എൽഇഡി ലൈറ്റുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും ഗുണ നിലവാരം സംബന്ധിച്ച രേഖകൾ എന്നിവ എത്രയും വേഗം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/18.09.20

തടസ്സപ്പെടുത്തിയ തുക: 20,81,155/- രൂപ

1-21 ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ച പ്രോജക്ടുകളിൽ ശേഷിക്കുന്ന തുക തിരികെ വാങ്ങിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 33/19, 34/19 എന്നീ പ്രോജക്ടുകളുടെ ധന വിനിയോഗ സർട്ടിഫിക്കറ്റുകൾ പ്രകാരം വിനിയോഗിച്ചതിന്റെ ബാക്കി തുക തിരികെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ബിൽനം, ഡിപ്പോസിറ്റ് ചെയ്ത തുക, (രൂപ) ഫണ്ട് വിവരം | ഡിപ്പോസിറ്റ് ചെയ്ത സ്ഥാപനം | ധന വിനിയോഗം (രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|---|---|
| 1 | ബ്ളോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലേയ്ക്ക് എ.സി. വാങ്ങൽ- നം.33/19 | 30/26.10.18:193500/- രൂപ (എം.ജി-എൻ.ആർ ഫണ്ട്) | പിഡബ്ല്യൂഡി ഇലക്ട്രോണിക്ക് ഡിവിഷൻ കൊല്ലം | 184608/- | 8892/- |
| 2 | ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്കിംഗ് | 29/26.10.18:288000/- രൂപ (എം.ജി-എൻ.ആർ ഫണ്ട്) | പിഡബ്ല്യൂഡി ഇലക്ട്രോണിക്ക് ഡിവിഷന് തിരുനന്തപുരം | 219105 | 68895/- |
| | ആകെ | | | | 77787/- |

ബാക്കി തുകയായ 77,787/- രൂപ തിരികെ ലഭ്യമാക്കി യഥാഫണ്ടുകളിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം : 14/18.09.20

1-22 കടമ്പാട്ട്കോണം വാർഡിൽ വളവിൽ കോളനിയിൽ കുടിവെള്ള പദ്ധതി-90% പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം പദ്ധതി ഉപേക്ഷിച്ചു

അടങ്കൽ തുക – 5,00,000/- രൂപ (എസ്.സി.പി. ഫണ്ട്)

ബിൽ നം. – 33/30.11.18 – 1,840/- രൂപ

53/ 26.3.19 – 4,97,618/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കടമ്പാട്ട്കോണം വാർഡിൽ വളവിൽ കോളനിയിൽ കുടിവെള്ള പദ്ധതി-(105/19) 90% പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം പദ്ധതി ഉപേക്ഷിച്ചു.

ഭൂജലവകുപ്പിൽ കടമ്പാട്ട്കോണം വാർഡിൽ വളവിൽ കോളനിയിൽ കുടിവെള്ള പദ്ധതി ഡിപ്പോസിറ്റ് പ്രവർത്തിയായി ചെയ്യുന്നതിന് 4,99,458/-രൂപ എക്സിക്യൂട്ടീവ് എൻജിനീയർ ഭൂജലവകുപ്പ് കൊല്ലം ഓഫീസിൽ ഒടുക്ക വരുത്തുകയും കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂജലവകുപ്പിന്റെ 26.11.19-ലെ ജി.കെ.റ്റി/2295/18-) നം കത്ത് പ്രകാരം കടമ്പാട്ട് കോണം വാർഡിൽ വളവിൽ കോളനിയിൽ കുടിവെള്ള പദ്ധതി-90% പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം സോഫ്റ്റ് റോക്ക് കാരണം പമ്പ് ഇറക്കാൻ കഴിയില്ല എന്നും ആയതിനാൽ പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള അനുമതിയും, ആയതിന്റെ തുക ബ്ളോക്കിന്റെ നീക്കീയിരിപ്പിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടു. ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് 1,840/- രൂപ ഭൂജലവകുപ്പ് ഈടാക്കി പരിശോധന നടത്തിയ പ്രവർത്തിയിൽ വന്ന വീഴ്ചയ്ക്ക് ഉത്തരവാദി ഭൂജലവകുപ്പ് ആണെന്നിരിക്കെ ഇത് സംബന്ധിച്ച് യാതൊരുവിധ പരിശോധനകളും നടത്താതെയാണ് ബ്ളോക്കിന്റെ നീക്കീയിരിപ്പിൽ നിന്നും തുക വകയിരുത്താനും വീണ്ടും പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിനും ഭരണ സമിതിയുടെ 09.12.19-ലെ 5/4- നമ്പർ തീരുമാനപ്രകാരം കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്.

ഭരണ സമിതി എടുത്ത നടപടി പുനഃപരിശോധിക്കേണ്ടതും പ്രസ്തുത പ്രോജക്റ്റ് ഭൂജലവകുപ്പിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുതിയ കുഴൽ കിണർ നിർമ്മിച്ച് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. 90% പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം പദ്ധതി ഉപേക്ഷിച്ചുവെന്ന് ഭൂജലവകുപ്പ് കത്ത് നൽകിയതല്ലാതെ എത്ര രൂപയുടെ പ്രവർത്തിയാണ് നടത്തിയതെന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-20 ൽ തുക നൽകിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതുമാണ്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ഡിപ്പോസിറ്റ് ചെയ്ത 4,99,458/- രൂപയുടെ പ്രവർത്തി പൂർത്തീകരണ, വിനിയോഗസാക്ഷ്യപത്രം ഭൂജലവകുപ്പ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 4,99,458/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 15/18.09.20

തടസ്സത്തിൽ വെയ്ക്കുന്ന തുക : 499458/- രൂപ

1-23 ചട്ടവിരുദ്ധമായി തുക ചെലവഴിച്ചു.

വൗച്ചർ നം.09(7)/18-19 പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നടത്തിയ യാത്രകൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി 14,146/-

രൂപ (ചെക്ക് നം.7969798/20.04.2018) ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. 2018 ജനുവരി 8, 9, 10 തീയതികൾ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജോയിന്റ് ബി.ഡി.ഒ., പ്ലാനിംഗ് & മോണിറ്ററിംഗ് ഓഫീസർ എന്നിവർ ഒദ്യോഗിക വാഹനത്തിൽ ഗ്രാമ ന്യായാലയവുമായി ബന്ധപ്പെട്ട് ഹൈകോടതിയിലും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തൊടുപുഴയിലുള്ള വൃദ്ധസദനം സന്ദർശിച്ച യാത്രകൾക്ക് റൂം വാടകയിനത്തിൽ 4000/- രൂപയും ഭക്ഷണത്തിനായി 3086/- രൂപയും ചെലവഴിച്ചു.
2. 2018 ഫെബ്രുവരി 18, 19 തീയതികളിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജോയിന്റ് ബി.ഡി.ഒ. എന്നിവർ ഒദ്യോഗിക വാഹനത്തിൽ ഗ്രാമ ന്യായാലയവുമായി ബന്ധപ്പെട്ടും പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ടും നടത്തിയ യാത്രകൾക്ക് റൂം വാടകയിനത്തിൽ 4000/- രൂപയും ഭക്ഷണത്തിനായി 2060/- രൂപയും ഡീസലിനായി 1000/- രൂപയും ചെലവഴിച്ചു.
മേൽ ചെലവുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ അസാധാരണ ചെലവിൽ ഉൾപ്പെടുത്തിയല്ല നടത്തിയിരിക്കുന്നത്. കൂടാതെ മേൽ യാത്രയ്ക്ക് നിയമാനുസൃത യാത്രാപ്പടി ഈടാക്കുന്നതിനായി ഡയറിയോ റ്റി.എ. ബില്ലുകളോ വൗച്ചറിൽ ലഭ്യമല്ല. ആയതിനാൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് നടത്തുന്ന യാത്രകൾക്ക് നിയമാനുസൃതമായ യാത്രാപ്പടിക്ക് അർഹതയുള്ള സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചട്ട വിരുദ്ധമായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചട്ട വിരുദ്ധമായി ചെലവഴിച്ച 14,146/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. യാത്രാപ്പടി അനുവദിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. - 8 /18.09.2020

1-24 വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എഗ്രിമെന്റ് വെച്ച് തുക നൽകിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് അടങ്കൽ, ഫണ്ട് | ബിൽനം | ചെലവഴിച്ച തുക (രൂപ) | വിഹിതം നൽകിയ/ ഡിപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 11/19 | ലൈഫ് ജനറൽ<br>6969000/-<br>(വികസന ഫണ്ട് ജനറൽ) | 14/17.07.18<br>തുക :<br>6249000/-<br>36/20.12.18<br>തുക :<br>720000/- | 6969000/- | പൂതക്കുളം – 1150016<br>കല്ലുവാതുക്കൽ – 3593800 + 720000/-<br>ചിറക്കര – 659568<br>ചാത്തന്നൂർ – 338256/-<br>ആദിച്ചനല്ലൂർ – 507360/-<br>ഗ്രാമപഞ്ചായത്തുകൾ |
| 2 | 12/19 | ലൈഫ് എസ് സി<br>3604800/- | 15/17.07.18<br>തുക : | 3604800/- | പൂതക്കുളം – 497828/-<br>കല്ലുവാതുക്കൽ – 1889076 + |

| | | | | | |
|---|---|---|---|---|---|
| | | (എസ്.സി.പി. ഫണ്ട്) | 2884800/-<br>37/20.12/18<br>തുക :<br>:720000/- | | 720000/-<br>ചിറക്കര – 307524/-<br>ചാത്തന്നൂർ – 190372/-<br>ഗ്രാമപഞ്ചായത്തുകൾ |
| 3 | 20/19, | പട്ടികജാതിയിൽപ്പെട്ടവർക്ക് കുടിവെള്ള പദ്ധതി 1000000/- (എസ്.സി.പി. ഫണ്ട്) | 27/15.10.18 | 1000000/- | കെഡബ്ള്യൂഎ<br>പി എച്ച് ഡിവിഷൻ കൊല്ലം |
| 4 | 21/19 | ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കുടിവെള്ള പദ്ധതി 500000/- (വി ഫണ്ട് ജനറൽ) | 28/15.10.18 | 500000/- | കെഡബ്ള്യൂഎ<br>പി എച്ച് ഡിവിഷൻ കൊല്ലം |
| | | ആകെ | | 12073800/- | |

മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ 12073800/- രൂപ തടസ്സപ്പെടുത്തുന്നു. ടി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/18.09.2020
തടസ്സപ്പെടുത്തിയ തുക : 12073800/-രൂപ

1-25 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും - കൈപ്പറ്റ് രേഖ ഹാജരാക്കിയില്ല.

അടങ്കൽ തുക – 1,20,000/- രൂപ
ഫണ്ട് – മെയിന്റനൻസ് (നോൺ റോഡ്)
ബിൽനം; 40/28.12.18 തുക : 82,518/- (2 കമ്പ്യൂട്ടറിന്റെ വില)
:41/28.12.18 തുക : 21,744/- (2 പ്രിന്ററിന്റെ വില)
:39/28.12.18 തുക : 11,904/- (2 സ്കാനറിന്റെ വില)
: 38/28.12.18 തുക : 3,565/- (1 യുപിഎസ്സിന്റെ വില)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്ന പ്രോജക്ടിൽ (31/19) CPCR -ൽ നിന്നും വാങ്ങിയ കെൽട്രോണിന്റെ ഒരു കമ്പ്യൂട്ടറും, ഒരു പ്രിന്ററും വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖ ഹാജരാക്കിയില്ല. ആകെ 2 കമ്പ്യൂട്ടർ, 2 പ്രിന്റർ, 2 സ്കാനർ, 1 യുപിഎസ് എന്നിവയ്ക്കാണ് 1,19,731/- രൂപ കെൽട്രോണിന് നൽകിയിട്ടുള്ളത്. ക്ഷീര വികസന ഓഫീസ്, വ്യവസായവികസന ഓഫീസ്, എസ്.സി.ഡി.ഒ. എന്നീ ഓഫീസിലേക്കാണ് ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശിച്ചത്.
ക്ഷീര വികസന ഓഫീസിലേയ്ക്കും, വ്യവസായവികസന ഓഫീസിലേയ്ക്കും, എസ്.സി.ഡി.ഒ.യുടെ എന്നീ ഓഫീസുകളിലേയ്ക്കുമാണ് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയത്. ഉപകരണങ്ങൾ നൽകിയതിന്റെ വിവരം താഴെ പറയുന്നു.

| ലഭിച്ച സ്ഥാപനം | കമ്പ്യൂട്ടർ | പ്രിന്റർ | സ്കാനർ | യു പി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നൽകിയ എണ്ണം | നൽകിയ എണ്ണം | നൽകിയ എണ്ണം | എസ് നൽകിയ എണ്ണം |
| ക്ഷീര വികസന ഓഫീസ് | 1 | 1 | – | – |
| വ്യവസായവികസന ഓഫീസ് | – | – | 1 | 1 |
| എസ് സി ഡി ഒ ഓഫീസ് | – | 1 | – | – |
| | 1 | 2 | 1 | 1 |

ഒരു കമ്പ്യൂട്ടറും, ഒരു സ്കാനറും വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ കമ്പ്യൂട്ടറും, സ്കാനറും വാങ്ങിയ തുകയായ 47211/- (41259+5952) രൂപ തടസ്സത്തിൽ വെയ്ക്കുന്നു. കൈപ്പറ്റ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/18.09.20

തടസ്സത്തിൽ വെയ്ക്കുന്ന തുക : 47211/-രൂപ

1-26 ബഡ്സ് സ്കൂളിനു വിഹിതം നൽകൽ - ചെലവഴിക്കാത്ത തുക സർക്കാർ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല

2018-19 വർഷത്തെ സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതി നം. S0050/19, ബഡ്സ് സ്കൂളിനു വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നു 5,81,000/- രൂപ, ബിൽ നം. 2/2018-19/24.7.18 പ്രകാരം പിൻവലിച്ചതിൽനിന്നും ചിറക്കര ഗ്രാമപഞ്ചായത്തിന് 3,81,000/- രൂപയും ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന് 2,00,000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചത് 1,94,495/- രൂപയാണ്. ശേഷിക്കുന്ന 5,505/- രൂപ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

5,505/- രൂപ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കു വരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. - 7/18.9.2020

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ബെനിഫിഷറി കോൺട്രിബ്യൂഷൻ - രസീത് പ്രകാരം പിരിച്ച തുക അടവാക്കിയില്ല.

സഞ്ചരിക്കുന്ന മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിയുടെ ബെനിഫിഷറി

കോൺട്രിബ്യൂഷൻ ഇനത്തിൽ 03.06.2019-ൽ രസീത് നമ്പർ 06/45 പ്രകാരം സെക്രട്ടറി പോളച്ചിറ കെ.യു.സി.എസ് അടവാക്കിയ 1,615/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ അടവാക്കിട്ടില്ല.

ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ഈടാക്കിയ 1,615/- രൂപ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ട്രഷറി കൗണ്ടർ ഫോയിൽ, റസീപ്റ്റ് ബുക്ക് എന്നിവ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നാണ് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ പിരിച്ച തുക ഒടുക്കാത്തത് സംബന്ധിച്ച വിഷയം ഓഡിറ്റ് ഗൗരവമായി കാണുന്നു. ടി തുക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/18.09.2020

2-2 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 85/19 (സ്പിൽ ഓവർ)<br>പ്രവൃത്തിയുടെ പേര് : ചിറക്കര ഗ്രാമപഞ്ചായത്ത് - കല്ലുങ്കിന്റെമുക്ക് - എൻ.എച്ച്.റോഡ് മെറ്റലിംഗും ടാറിംഗും<br>അടങ്കൽ : 6,00,000/-<br>ഫണ്ടിനം : വികസന ഫണ്ട്-പൊതുവിഭാഗം<br>കരാർ നം. : 9/എ.ഇ.ഇ./17-18/4.1.2018<br>കരാറുകാരൻ : ശ്രീ എസ്. സുരേഷ്ബാബു<br>എം.ബുക്ക് നം. :17//18-19<br>ചെലവ് : 5,56,309/-രൂപ<br>ബിൽ നം. : 12/21.3.2019 | 809+564 | 8 | 2248 |
| 2. | പ്രോജക്റ്റ് നം. : 88/19(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര് : ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് - ഉപാസന കല്ലുങ്ക് മുക്ക്- റോഡ് മെയിന്റനൻസ്<br>അടങ്കൽ : 5,00,000/-<br>ഫണ്ടിനം : വികസന ഫണ്ട്-എസ്.സി.പി.<br>കരാർ നം. : 14/എ.ഇ.ഇ./17-18/9.1.2018<br>കരാറുകാരൻ : ശ്രീ ഹസൻ.ബി.കെ.ബി.<br>എം.ബുക്ക് നം. : 14//17-18<br>ചെലവ് : 4,69,135/-രൂപ<br>ബിൽ നം. : 09/24.10.2018 | 2672+257 | 19 | 5339 |
| | | | ആകെ | 7587/- രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരിൽനിന്നും ബാരലിന്റെ വില ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 15/17.9.2020.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018- | 19.07.2019 മുതൽ 20.07.2019 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1158/19 തീയതി |

| | | |
|---|---|---|
| 19 | | 31.08.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 30,00,000 | ലൈഫ് | 30,00,000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി നം. – 25/18-19 എസ്.സി.പി. ഫണ്ട്, സെക്രട്ടറി | 1/27.3.19 | 1168495 | 0 | 1168495 |
| കെ.എസ്.ഇ.ബി | എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ (ജനറൽ) പദ്ധതി നം. – 26/18-19 വികസന ഫണ്ട്, സെക്രട്ടറി | 2/27.3.19 | 912660 | 0 | 912660 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ് സി) പദ്ധതി നം. – 20/18-19 എസ്.സി.പി. ഫണ്ട്, സെക്രട്ടറി | 27/15.10.18 | 1000000 | 0 | 1000000 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) പദ്ധതി നം. – 21/18-19 വികസന ഫണ്ട്, സെക്രട്ടറി | 28/15.10.18 | 500000 | 0 | 500000 |
| ഭൂജല വകുപ്പ് | കുടിവെള്ള പദ്ധതി - വളവിൽ കോളനി നം. – 105/18-19 എസ്.സി.പി. ഫണ്ട്, സെക്രട്ടറി | 33/30.11.18 53/26.3.19 | 499458 | 0 | 499458 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന വായ്പ | 1864/17 02.01.2018 | 11440792 | 11440792 | 0 | 0 | 11440792 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 1-7 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം - പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-1 | 2016-17 | - | പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികളുടെ അവലോകനം (വിദ്യാഭ്യാസം) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 136589309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 106895166 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9202 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17549270 |

(ബി).**ബ്ലോക്ക്** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1615 | | ഡോ. അനുപമ ആർ, വെറ്ററിനറി സർജൻ |
| 2-2 | 7587 | | ശ്രീമതി. സ്മിത എസ്, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1900000 | ശ്രീ. ജി ഹരിദാസ്, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 58500 | ശ്രീ. ജി ഹരിദാസ്, പട്ടികജാതി വികസന ഓഫീസർ |
| 1-19 | 875000 | ഡോ. സാബു സേവ്യർ, വെറ്ററിനറി സർജൻ |
| 1-20 | 2081155 | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ, സെക്രട്ടറി |
| 1-22 | 499458 | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ, സെക്രട്ടറി |
| 1-23 | 14146 | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ, സെക്രട്ടറി |
| 1-24 | 12073800 | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ, സെക്രട്ടറി |
| 1-25 | 47211 | ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനുപമ ആർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | ഏദൻ 4എ,<br>എസ്.എഫ്.എസ് സൈബർ ഗേറ്റ് വേ |
| ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി കെ,<br>സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ച | രാമ നിലയം<br>നടയ്ക്കൽ,<br>കല്ലുവാതുക്കൽ പി ഒ |
| ശ്രീ. ജി ഹരിദാസ്,<br>പട്ടികജാതി വികസന ഓഫീസർ | സർവ്വീസിൽ നിന്നും വിരമിച്ച | നന്ദനം<br>പടയനാർ കുളങ്ങര നോർത്ത്<br>കരുനാഗപ്പള്ളി പി ഒ |
| ഡോ. സാബു സേവ്യർ,<br>വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ<br>വെറ്റിനറി പോളിക്ലിനിക്ക്<br>കരുനാഗപ്പള്ളി | കയാണിയിൽ ഹൗസ്<br>കുരീപ്പുഴ പി ഒ<br>പെരിനാട്,<br>കൊല്ലം 691604 |
| ശ്രീമതി. സ്മിത എസ്,<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി<br>സബ്ഡിവിഷൻ,<br>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ടെന്റ്,<br>ആലാട്ടുകാവ് നഗർ-173(എ)<br>കന്നിമേൽ ചേരി<br>കാവനാട് പി ഒ<br>കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 മുതൽ 2005-06 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1447/18 തീയതി 07.02.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5//11/18 തീയതി 07.02.2018 | 3 |
| 2007-08 | എൽ.എഫ്.ക്യു/ഡി.ബി/1390/13 തീയതി 12.12.2013 | 4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി5/320/19 തീയതി 27.03.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/549/16 തീയതി 31.03.2016 | 11 |
| 2010-11 | എൽ.എഫ്.ക്യു/ഡി.ബി/2590/14 തീയതി 09.03.2015 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1371/15 തീയതി 30.10.2015 | 5 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1752/16തീയതി 08.02.2017 | 12 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി5/354/20 തീയതി 30.04.2020 | 6 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി5/829/17 തീയതി 29.11.2017 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5/1806/19 തീയതി 19.05.2020 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി5/2035/18 തീയതി 09.01.2020 | 16 |

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ-കെ.എൽ.എം-പി5/1038/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി: 20.11.2020

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്. 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-2

സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.